LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതമായി 103.02 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻവഴി 110.3 കോടി രൂപയും ഉൾപ്പെടെ 213.5 കോടി രൂപയാണ് കർഷക പെൻഷൻ നൽകുന്നതിന് 2015-16 വർഷത്തിൽ അനുവദിച്ചത്.

(ബി) 213.5 കോടി രൂപ വിതരണം ചെയ്തു. മാർച്ച് 2016 വരെ പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിന് 234 കോടി രൂപയോളം വേണ്ടി വരും. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് അഡീഷണൽ ഓതറൈസേഷൻ വഴി തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നാളികേര വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

157 (2992) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൃഷിവകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നാളികേര വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചുവോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	വിനിയോഗിച്ച തുക
1	നാളികേരവികസന പദ്ധതി (CDB)	3,13,38,337 രൂപ
2	ആർ.കെ.വി.വൈ. (കേന്ദ്രാവിഷ്കൃതം)	26,25,000 രൂപ
3	കേരഗ്രാമം (സംസ്ഥാനാവിഷ്കൃതം)	2,83,00,000 രൂപ

(ബി) മേൽ സൂചിപ്പിച്ച പദ്ധതികളിൽ നാളികേര വികസന ബോർഡ് കൃഷിവകുപ്പുമുഖേന നടപ്പാക്കിയ നാളികേര വികസന പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള നാളികേര വികസന പദ്ധതികൾ എന്നിവ പൂർത്തിയാക്കി.

പൂതക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി 2016 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.